# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/963/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 25/05/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുരുവട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 3/963/2022 തീയ്യതി: 25/05/2022

## കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 19-05-2022 | 23-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-05-2022 | 23-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി,ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾ നസീർ.ടി.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുരേഷ് കുമാർ.എസ്,സീനിയർ ഗേഡ് ഓഡിറ്റർ
ശ്രീ.അഫ്സൽ.ടി.എം,ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി.അപ്പുക്കുട്ടൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീമതി.സരിത.എ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീമതി.റോസമ്മ ജേക്കബ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.നിഷാന്ത്.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീമതി.സോണിയ.പി | അസിസ്റ്റന്റ് സെക്രട്ടറി | 16-06-2020 | 31-03-2021 |
| ശ്രീ.രൂപക് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു ജോസഫ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.സുജ | മെഡിക്കൽ ഓഫീസർ, പി..എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.ജിഷ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ കരീം | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി. വത്സല. എം.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ജെസ്സി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീജ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശർമ്മിള.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ആഷിക്.കെ.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റുമൈസ.പി.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുനീർ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Afsal T.M (Auditor, On 21-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-6 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Afsal T.M (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: RENSY. E (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-8 |
| 11 | തൻവർഷ പദ്ധതി ചെലവ് തുച്ഛം<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-9 |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-10 |
| 13 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു.<br>Written By: RENSY. E (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-11 |
| 14 | നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തുന്നില്ല<br>Written By: RENSY. E (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-12 |
| 15 | സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു<br>Written By: RENSY. E (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-13 |
| 16 | വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല | 1-14 |

| | | |
|---|---|---|
| | Written By: RENSY. E (Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | |
| 17 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-15 |
| 18 | സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികൾ – പൊതു അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-16 |
| 19 | സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി വെയ്ക്കൽ - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-17 |
| 20 | 'സമഗ്ര വിദ്യാഭ്യാസം' പദ്ധതിയുടെ ഭാഗമായി നടത്തിയ ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് - അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-18 |
| 21 | ഐ.എച്ച്.ഡി.പി. കോളനിയിലെ കുഴൽക്കിണറിന് ഹാൻഡ്പൈപ്പ് സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-19 |
| 22 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-20 |
| 23 | പ്രവ്യത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-21 |
| 24 | ഉയർന്ന നിരക്കിലുള്ള ഇനം തെരെഞ്ഞെടുക്കുന്നതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-22 |
| 25 | പ്രവ്യത്തി പൂർത്തീകരണ ശേഷം പദ്ധതി ഭേദഗതി ചെയ്തു വിഭവസ്രോതസ്സിൽ മാറ്റം വരുത്തി ചെലവു നടത്തി<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-23 |
| 26 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അശ്രദ്ധ – പ്രവ്യത്തി അപൂർണ്ണമായി നിർവ്വഹിച്ചു<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 3-1 |
| 2 | പ്രവ്യത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 23-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 3-2 |
| | ഭാഗം **4** | |
| 1 | നിക്ഷേപ പ്രവ്യത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-5 |
| 6 | വായ്പ തിരിച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: E.V Hari (Audit Officer, On 24-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 24-05-2022)<br>Last Updated By: Vasudevan M (Deputy Director, On 25-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 ലെ ബജറ്റ് 17-03-2020 തീയതിയിലെ 64/2020 തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 17-02-2021 ലെ 45/21 തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

എ) തനത് വരുമാനം – എസ്റ്റിമേറ്റ് തുക ക്രമാതീതം

പ്രധാന തനത് വരുമാന ഹെഡ്ഡുകളിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് വസ്തുതാപരമായല്ല. വ്യതിയാനത്തിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഹെഡ്ഡ് | ബജറ്റ് എസ്റ്റിമേറ്റ് | വാർഷിക കണക്ക പ്രകാരം വരവ് |
|---|---|---|
| 110-നികുതി വരുമാനം | 6500000 | 5659579 |
| 140-ഫീസ് & യൂസർചാർജ്ജസ് | 1510000 | 1018201 |
| 150-സെയിൽ & ഹയർ ചാർജ്ജസ് | 218000 | 116612 |

വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല.

ബി) ബജറ്റ് എസ്റ്റിമേറ്റിൽ നിന്നുള്ള വ്യതിയാനങ്ങൾ - ബജറ്റ് പുതുക്കുന്നില്ല

ബജറ്റിൽ ഉൾപ്പെടാത്ത ഇനത്തിനോ, വകയിരുത്തിയതിനേക്കാൾ കൂടുതലോ ചെലവഴിക്കേണ്ട അവസരത്തിൽ ബജറ്റ് പുതുക്കുകയോ, സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിച്ചോ മാത്രമേ തുക ചെലവഴിക്കാവൂ. കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ ഉൾപ്പെടുത്താത്ത ഇനത്തിന് തുക ചെലവഴിച്ചെങ്കിൽ, തൊട്ടടുത്ത ഭരണസമിതി യോഗത്തിൽ പുതുക്കിയ/സപ്ലിമെന്ററി ബജറ്റ് അവതരിപ്പിച്ച് പാസ്സാക്കേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. വരവ്/ചെലവ് വകയിരുത്തലുകളുടെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നത്, വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല. ചില വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഹെഡ് | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക പ്രകാരമുള്ളത് |
|---|---|---|---|
| 4 | 210 | 9884000 | 10314793 |
| | 220 | 1462332 | 1612300 |
| 7 | 253 | 1321500 | 2091627 |

പ്രൊവിഷനിൽ നിന്നും വ്യതിയാനം വരുമ്പോൾ തന്നെ ബജറ്റ് പുതുക്കാത്തതാണ് അപാകതയ്ക്ക് കാരണമായിട്ടുള്ളത്.

ബജറ്റ് പ്രൊവിഷനില്ലാതെ വരവ് ചെലവ് നടത്തിയത് കെ.എഫ്.സി ആർട്ടിക്കിൾ 40 (എ) പ്രകാരം അനുവദനീയമല്ലാത്തതാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 12.05.2020 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തു നികുതി ഡിമാന്റ് സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരമുള്ളതും വാർഷിക കണക്ക് പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | സഞ്ചയ അബ്സ്ട്രാക്റ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം (I-1) ) |
|---|---|---|
| വസ്തു നികുതി ഡിമാന്റ് Residential | 2378933 | 2429372 |
| വസ്തു നികുതി ഡിമാന്റ് Non Residential | 1804376 | 1753937 |

2. തൻവർഷത്തെ ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

3. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 4,33,998/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. ഈ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

4. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ക്രമ നം 2,3 അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. മറ്റ് അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 9082127 |
| വരവ് | 84258470 |
| ആകെ | 93340597 |
| ചെലവ് | 78256413 |
| നീക്കിയിരിപ്പ് | 15084184 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | -- | 15064420 | 15064420 | 14541528 | 522892 | നീക്കിയിരിപ്പ് തുക ലാപ്സായി |
| വികസന ഫണ്ട് (എസ്. സി. പി.) | -- | 8627196 | 8627196 | 7814087 | 813109 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (റോഡ്) | -- | 6295000 | 6295000 | 6295000 | 0 | 100 വിനിയോഗം |
| മെയിന്റനൻസ് (നോൺ റോഡ്) | --- | 4280267 | 4280267 | 4280267 | 0 | 100 വിനിയോഗം |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | -- | 11157085 | 11157085 | 10231366 | 925719 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | -- | 5840000 | 5840000 | 2235073 | 3604927 | നീക്കിയിരിപ്പ് തുക ലാപ്സായി |
| പൈക്ക | 2388 | 57 | 2445 | 18 | 2427 | |
| എം. പി. ഫണ്ട് | 89310 | 2864 | 92153 | 0 | 92153 | |
| ബഡ്സ് സ്കൂൾ | 62966 | 987689 | 1050655 | 0 | 1050655 | |
| എം. എൻ. ലക്ഷം വീട് | 2529159 | 80598 | 2609757 | 1240476 | 1369281 | |
| തനത് ഫണ്ട് | 1300066 | 14252435 | 15552501 | 14266252 | 1286249 | |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. (തൊഴിലാളികളുടെ കൂലി) | 0 | 31372316 | 31372316 | 31372316 | 0 | |
| എം. ജി. എൻ. ആർ. ഇ. ജി. എസ്. ( ഭരണ ചെലവ് ) | 235543 | 1014732 | 1250275 | 1238043 | 12232 | |
| ജോയിന്റ് വെൻച്വർ (ബ്ലോക്ക് പഞ്ചായത്ത്) | 51916 | 2620000 | 2671916 | 2620000 | 51916 | |
| ജോയിന്റ് വെൻച്വർ (ജില്ലാ പഞ്ചായത്ത്) | 967449 | 450000 | 1417449 | 1035367 | 382082 | |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ കുരുവട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്), മെയിന്റനൻസ് ഫണ്ട് (റോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 56533627 | 18798336 |
| വികസനഫണ്ട് (എസ്.സി.പി) | 30428211 | 10537207 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 9218680 | 7388680 |
| മെയിന്റനൻസ് ഫണ്ട് (നോൺ – റോഡ്) | 6591184 | 5326184 |

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 202 | 109398647 | 173 | 29 | 63714888 | 58.24 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 202 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 173 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 109398647 രൂപ വകയിരുത്തിയതിൽ 63714888 രൂപ മാത്രമേ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| ഗ്രാന്റ് | വരവ് | ചെലവ് | ചെലവഴിക്കാത്ത തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15064420 | 14541528 | 522892 | 96.5 |
| വികസന ഫണ്ട് (എസ്.സി പി) | 8627196 | 7814087 | 813109 | 90.5 |
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | 11157085 | 10231366 | 925719 | 91.7 |

| | | | | |
|---|---|---|---|---|
| വികസന ഫണ്ട് – സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) *(ശുചിത്വം, ഖരമാലിന്യ സംസ്കരണം, കുടിവെള്ള പദ്ധതികൾ, ജല സംരക്ഷണ പദ്ധതികൾ തുടങ്ങി വിവിധങ്ങളായ ആവശ്യങ്ങൾക്കാണ് ഈ തുക ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ ഈ തുകയുടെ 38.3 ശതമാനം മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്.)* | 5840000 | 2235073 | 3604927 | 38.3 |
| മെയിന്റനൻസ് – റോഡ് | 6295000 | 6295000 | 0 | 100 |
| മെയിന്റനൻസ് – നോൺ-റോഡ് | 4280267 | 4280267 | 0 | 100 |
| ആകെ | 51263968 | 45397321 | 5866647 | 88.6 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ വാർഷിക പദ്ധതിയ്ക്കായി സർക്കാരിൽ നിന്നും ലഭ്യമായ 51263968 രൂപയിൽ 45397321 രൂപ (88.6%) പഞ്ചായത്തിന് ചെലഴിക്കാൻ കഴിഞ്ഞു. 5866647 രൂപ സാമ്പത്തിക വർഷത്തിൽ ചെലഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MNREGS) അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 4156

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 4156

100ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 523

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെലവ് : 32610359/-

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| വിദഗ്ദ വേതനം | 1000625/- |
| അവിദഗ്ദ വേതനം | 22188691/- |
| മെറ്റീരിയൽ തുക | 8183000/- |
| ഭരണ ചെലവ് | 1238043/- |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 235543/- | 1014732/- | 1250275/- | 1238043/- | 12232/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 31372316/- | 31372316/- | 31372316/- | -- |

ഭരണസമിതിയുടെ 09/12/2019 തിയ്യതിലെ 328/19 നമ്പർ തീരുമാന പ്രകാരം 293 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 153 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 11 |
| കിണർ | 29 |
| തൊഴുത്ത് | 6 |
| ടോയിലറ്റ് | 13 |
| കോഴിക്കൂട് | 0 |
| വൃക്ഷത്തൈ നടൽ | 2 |
| പുഴ നവീകരണം | 1 |
| മണ്ണ്, ജല സംരക്ഷണം | 39 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 34 |
| കുളം | 1 |
| തരിശ് ഭൂമി | 11 |
| ആട്ടിൻ കൂട് | 4 |
| സോക്ക് പിറ്റ് | 1 |
| കമ്പോസ്റ്റ് പിറ്റ് | 1 |
| ആകെ | 153 |

## 1-7 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ഫയലുകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുകയും പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട് എന്നത് പ്രശംസനീയമാണ്. ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കിയതിലും, അംഗീകരിച്ചതിലും ബജറ്റിന്റെ വസ്തുതാപരമായ കൃത്യതയിലും വിവിധങ്ങളായ അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയത് പരിഹരിച്ച് കുറ്റമറ്റ രീതിയിൽ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.05.2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,971/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 തൻവർഷ പദ്ധതി ചെലവ് തുച്ഛം

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതി ചെലവ്

പരിശോധിച്ചാൽ ആകെ ചെലവിന്റെ പകുതിയോളം (45.76%) സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായാണ് വിനിയോഗിച്ചതെന്ന് വ്യക്തമാകുന്നു. ഫണ്ടിനം തിരിച്ച വിവരം ചുവടെ കൊടുക്കുന്നു,

| ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | സ്പിൽ ഓവർ പദ്ധതി | | |
|---|---|---|---|---|---|
| | | | അടങ്കൽ | ചെലവ് | ചെലവ് % |
| വികസനഫണ്ട് – ജനറൽ | 56,20,000 | 46,19,337 | 42,20,000 | 42,19,698 | 91.35% |
| വികസനഫണ്ട് – എസ്.സി.പി. | 27,97,207 | 26,66,593 | 17,97,207 | 16,71,805 | 62.69% |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1,05,13,395 | 99,78,053 | 47,32,220 | 47,31,540 | 47.42% |
| തനതു ഫണ്ട് | 17,96,195 | 13,14,769 | 1,60,433 | 1,53,760 | 11.69% |
| സംരക്ഷണഗ്രാന്റ് റോഡ് | 73,88,680 | 62,95,000 | 16,20,780 | 15,10,700 | 24% |
| സംരക്ഷണഗ്രാന്റ് – റോഡിതരം | 33,89,755 | 26,59,006 | 5,00,000 | 4,99,985 | 18.8% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 23,11,181 | 4,10,243 | -- | -- | -- |
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | 9,50,000 | -- | -- | -- | -- |
| ആകെ | 3,47,66,413 | 2,79,43,001 | 1,30,30,640 | 1,27,87,488 | 45.76% |

2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി തയ്യാറാക്കിയത് സ്പിൽ ഓവർ പദ്ധതികളടക്കം ആകെ 91 പ്രോജക്ടുകളാണ്. ഇതിൽ 46 എണ്ണവും മുൻ വർഷത്തിൽ നിന്നുള്ള സ്പിൽ ഓവർ പദ്ധതികളാണ്. ബാക്കി 45 പദ്ധതികളാണ് തൻവർഷം പുതുതായി രൂപീകരിച്ചത്. പുതുതായി രൂപീകരിച്ചവയിൽ 10 എണ്ണത്തിന് തൻവർഷം ചെലവില്ല. ഈ പദ്ധതികളെല്ലാം തുടർ വർഷത്തേയ്ക്ക് സ്പിൽ ഓവർ പദ്ധതികളായിട്ടുണ്ട്.

2019-20 വർഷത്തിൽ ലഭിച്ച വിവിധ ഫണ്ടിനങ്ങളിൽ ചെലവഴിക്കാതെ സർക്കാരിലേയ്ക്ക് 1,38,71,724/- രൂപ തിരിച്ചെടുക്കപ്പെട്ടിട്ടുണ്ട്. മുൻവർഷത്തിൽ ലാപ്സായ തുകയുടെ ഫണ്ടിനം തിരിച്ച വിവരവും, 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികൾക്കായി ഈയിനം ഫണ്ടുകളിലുണ്ടായ ചെലവ് തുകയും, ക്യൂ ബില്ലായവയുടെ വിവരവും ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | തിരിച്ചെടുക്കപ്പെട്ട തുക | 2020-21 വർഷത്തിൽ സ്പിൽഓവർ പദ്ധതിയ്ക്ക് ചെലവഴിച്ച തുക | മുൻവർഷം ക്യൂ ബില്ലായ തുക |
|---|---|---|---|
| വികസനഫണ്ട് – ജനറൽ | 32,88,640 | 42,19,698 | 19,80,285 |
| വികസനഫണ്ട് – എസ്.സി.പി. | 30,29,012 | 16,71,805 | 3,52,208 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 53,19,647 | 47,31,540 | 42,04,555 |
| സംരക്ഷണഗ്രാന്റ് – റോഡ് | 11,07,084 | 15,10,700 | 8,71,500 |
| സംരക്ഷണഗ്രാന്റ് – റോഡിതരം | 11,27,341 | 4,99,985 | 6,99,985 |
| ആകെ | 1,38,71,724 | 1,26,33,728 | 81,08,533 |

മുൻവർഷത്തിൽ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാതിരുന്നതിനാൽ നഷ്ടപ്പെട്ട തുകയുടെ ഭൂരിഭാഗവും തുടർവർഷത്തിൽ സ്പിൽ ഓവർ പദ്ധതികളുടെ നിർവ്വഹണത്തിനായി ഉപയോഗിക്കേണ്ടി

വന്നു. 2019-20 വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാതെ/വൈകി പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ ഭൂരിഭാഗം ബില്ലുകളും കുബില്ലാവുകയും, ഇവയെല്ലാം സ്പിൽ ഓവർ പദ്ധതികളായി തുടരേണ്ടി വരികയും, ഇതിനുള്ള ഫണ്ട് 2020-21 വർഷത്തെ പ്രവൃത്തികൾക്കായി/വികസനപ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ നിന്ന് നൽകുകയും, തൻവർഷ പദ്ധതികൾക്ക് തുക തികയാത്ത അവസ്ഥയുണ്ടാവുകയും ചെയ്തു.

പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. പ്രോജക്ടുകളുടെ ബാഹുല്യം കുറയ്ക്കാനുള്ള ശ്രമം പഞ്ചായത്തിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത് ശ്ലാഘനീയമാണ്. എന്നിരുന്നാലും സമഗ്രതയോടെയും, യഥാർത്ഥ ആവശ്യങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കാത്തതിനാൽ എസ്റ്റിമേറ്റുകൾ പുതുക്കുന്ന അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നതായി ഓഡിറ്റിൽ വ്യക്തമായി. കൂടാതെ പ്രവൃത്തികൾക്കുള്ള കരാർ സമയബന്ധിതമായി ചമച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ഇത് സ്പിൽ ഓവർ പ്രവൃത്തികളുടെയടക്കം പൂർത്തീകരണത്തിന്റെ കാലതാമസത്തിനും, വർഷാവസാനത്തേയ്ക്ക് കൂട്ടമായി ബിൽ സമർപ്പിക്കുന്നതിലേയ്ക്കും നയിച്ചിട്ടുണ്ട്. ബഹുവർഷ പദ്ധതികൾ പഞ്ചായത്ത് രൂപീകരിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ഗുണം ലഭ്യമാകുന്ന തരത്തിൽ നിർവ്വഹണം നടത്താൻ പഞ്ചായത്തിനായിട്ടില്ല. ഇതിനുദാഹരണമാണ് GWLP സ്കൂളിലെ ഹാൾ നിർമ്മാണം. 2019-20 വർഷത്തിൽ 7,03,000/- രൂപയും, 2020-21 വർഷത്തിൽ 12,67,000/- രൂപയും അടങ്കലിൽ വിഭാവനം ചെയ്ത പ്രവൃത്തിയ്ക്ക് 2019-20 വർഷത്തിൽ ചെലവൊന്നുമുണ്ടായില്ല. 2020-21 വർഷത്തിലാണ് 17,58,000/- രൂപയുടെ ചെലവുണ്ടായത്. അതുകൊണ്ടു തന്നെ 2019-20 വർഷത്തിലെ ചെലവു കൂടി 2020-21 ലെ ഗ്രാന്റിൽ നിന്നും ചെലവാക്കേണ്ടി വന്നു.

തൻവർഷ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും ലഭ്യമായ ലക്ഷക്കണക്കിനു രൂപ ഇതുമൂലം മുൻവർഷ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരികയും തൻവർഷത്തിൽ പ്രദേശത്തെ ജനതയ്ക്ക് ലഭ്യമാക്കാമായിരുന്ന സേവനങ്ങൾക്കുള്ള അവസരം നഷ്ടപ്പെടുത്തുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങൾ ഭാവിയിലെങ്കിലും ഒഴിവാക്കുന്ന രീതിയിൽ പ്രോജക്ടുകൾ ആസൂത്രണം ചെയ്ത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയം തുടർ വർഷത്തിൽ പരിശോധനാ വിധേയമാക്കുന്നതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 ഒന്നാം/രണ്ടാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ഓറിയന്റൽ മെറ്റൽസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 1 & 2 അർദ്ധ വർഷം |

| | | |
|---|---|---|
| 2 | മുസ്ലിം ഓർഫനേജ് കോളേജ് ഓഫ് ആർട്സ് & സയൻസ് | 1 &2 അർദ്ധ വർഷം |
| 3 | സെന്റ് ഫിലിപ്പിനേരി കോൺവെന്റ് സ്കൂൾ | 2-ാം അർദ്ധ വർഷം |
| 4 | മർക്കസ് അൽഹിലാൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1&2 അർദ്ധ വർഷം |
| 5 | മുത്തൂറ്റ് മെർക്കന്റയിൻ ലിമിറ്റഡ് | 1&2 അർദ്ധ വർഷം |
| 6 | പീസ് ഇന്റർനാഷണൽ സ്കൂൾ | 1 &2 അർദ്ധ വർഷം |
| 7 | പറമ്പിൽ ഓയിൽമിൽ | 1 &2 അർദ്ധ വർഷം |
| 8 | മില്ലേനിയം ഡിജിറ്റൽ | 1&2 അർദ്ധ വർഷം |
| 9 | വ്യാസ വിദ്യാപീഠം | 1 &2 അർദ്ധ വർഷം |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4, 6 എന്നിവ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ ജോലി സ്ഥലമോ ഉണ്ടെങ്കിൽ അങ്ങിനെയുള്ള കമ്പനി ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. വാർഷിക വിറ്റുവരവിനെ അടിസ്ഥാനമാക്കിയാണ് അത്തരം സ്ഥാപനങ്ങളുടേയോ കമ്പനികളുടേയോ നികുതി നിശ്ചയിക്കേണ്ടത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു - വരുമാന നഷ്ടം സംഭവിക്കുന്നു.

2011 – ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് 4/- രൂപയും ലോഡ്ജുകൾക്ക് 20/- രൂപയുമാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിങ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തു നികുതി പത്രിക (ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ (സഞ്ചയ പ്രകാരം) | കെട്ടിടയുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|---|
| 12/336 A,B,C,D | അബ്ദുൾ സലീം. ടി. എം, നജാദിൽർ. പി. കെ, തൈക്കണ്ടിമാളിയേക്കൽ, ചേവായൂർ. പി. ഒ, 673017 | 4 | 20 |
| 12/689 F,G,H,I,J | ഇല്ല്യാസ്. കെ. പി. കാട്ടിൽ പറമ്പത്ത്, ചെറുവറ്റ, പറമ്പിൽ, 673012 | 4 | 20 |
| 2/665 C,D,E,F,G,H | അബ്ദുസ്സലാം, നഫീസ, മുഹമ്മദ് ഷഫീഖ് കുനിയേടത്ത്, മച്ചകുളം, കുരുവട്ടൂർ 673611 | 4 | 20 |

പഞ്ചായത്ത് പരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം നഷ്ടമാക്കുന്ന ഈ നടപടിയിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടലും തുടർ നടപടികളും പ്രതീക്ഷിക്കുന്നു. മേൽ കെട്ടിടങ്ങളുടേയും ഇതേ രീതിയിലുള്ള മറ്റ് കെട്ടിടങ്ങളുടേയും നികുതി

നിർണ്ണയം പുന:പരിശോധിച്ച് നികുതി വർദ്ധന ഉറപ്പാക്കേണ്ടതാണ്. നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-12 നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണയം നടത്തുന്നില്ല

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ മേൽ വകുപ്പ് പ്രകാരം നികുതി ഇളവ് നൽകാത്ത കെട്ടിടങ്ങൾക്ക് നാളിതുവരെയും നികുതി നിർണയം നടത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ (സഞ്ചയ പ്രകാരം) | പേര് /വിലാസം (സഞ്ചയ പ്രകാരം) | വിസ്തീർണം |
|---|---|---|---|
| 1 | 5/549 | സോമനാഥൻ. എം. കെ, മൂശാരിക്കണ്ടിയിൽ, പയമ്പ്ര 673571 | 86.94 ച. മീ |
| 2 | 1/466 | പത്മനാഭൻനായർ, എരഞ്ഞിക്കൽ | 68 ച. മീ |
| 3 | 5/179 | ദേവകിഅമ്മ, പറമ്പത്ത് | 61.75 ച. മീ |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/20-21 തീയതി 23/05/2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-13 സഞ്ചയ സോഫ്റ്റ് വെയറിൽ റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി രേഖപ്പെടുത്തുന്നു

സാംഖ്യ രസീതുകൾ പ്രകാരം വസ്തുനികുതി അടവാക്കിയത് സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് പരിശോധിച്ചതിൽ, താഴെപ്പറയുന്ന റദ്ദാക്കിയ രസീതുകൾ പ്രകാരം തുക പിരിച്ചെടുത്തതായി സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് / വിലാസം | റദ്ദാക്കിയ സാംഖ്യ രസീത് നമ്പർ/ തീയതി | കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 1/248 | പി. എം. പ്രമോദ്, ഷൈലജ, പാലക്കണ്ടി, മീത്തൽ, കുരുവട്ടൂർ- | 120020107082/ 29.3.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 149 |

| | | | | | |
|---|---|---|---|---|---|
| | | 673611 | | | |
| 2 | 2/294C | കെ. വി. സന്തോഷ്, കടുകംവള്ളി. | 120020106332/ 12.03.2021 | 2020-21 ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ | 269 |
| | | | | ആകെ | 418 |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/20-21 തീയതി 23/05/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്തത് ഗുരുതരമായ പിഴവ് ആണ്. ഇത് കാരണം യഥാർത്ഥത്തിൽ അടവാക്കാത്ത വസ്തു നികുതി അടവാക്കിയതായി സഞ്ചയയിൽ രേഖപ്പെടുത്തപ്പെട്ടു. മേൽ പ്രകാരമുള്ള ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ നിന്ന് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-14 വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കിയില്ല

സ.ഉ (കൈ) നം. 106/17/ത.സ്വ.ഭ.വ തീ. 26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുന്നതിന് നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. പഞ്ചായത്തിലെ വിമുക്ത ഭടന്മാരുടെ നികുതി ഇളവ് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ 17/20-21 തീയതി 23/05/2022). എന്നാൽ നികുതി ഇളവ് ലഭിച്ച വിമുക്ത ഭടന്മാരെ സംബന്ധിച്ച മുഴുവൻ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്.

## 1-15 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം. 3/21 – എസ്. സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

അടങ്കൽ : 647098/- (വികസന ഫണ്ട് – എസ്.സി.പി)

ചെലവ് : 332664/- (BRN-700158069/13.05.2020)

നിർവ്വഹണം : ഹെഡ്മാസ്റ്റർ

എസ്. സി വിഭാഗത്തിൽ പെടുന്ന 12 വിദ്യാർത്ഥികൾക്ക് പഠന സൗകര്യാർത്ഥം ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇൻവോയിസ് നം. ITP/09729/20-21, തീയതി 30.01.2021 പ്രകാരം പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ 12 ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത ലാപ് ടോപ്പുകൾ മീഡിയം എന്റ് വിൻഡോസ് 10 ഹോം പ്രോസസ്സർ, ഇൻറ്റൽ കോർ I3 7020U പ്രോസസ്സർ, 4GB RAM, 500 GB ഹാർഡ് ഡിസ്ക് എന്നീ സ്പെസിഫിക്കേഷനോടു കൂടിയവയാണെന്ന് ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ മേൽപ്പറഞ്ഞ സ്പെസിഫിക്കേഷൻ ഉള്ളവയാണ് വിതരണം ചെയ്തതിരിക്കുന്നത് എന്ന് ഉറപ്പ് വരുത്താൻ ഈ വിഷയത്തിൽ പ്രാവീണ്യമുള്ള പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. സ.ഉ നം. 2956/2018/തസ്വഭവ, തീയതി 21.11.2018 ലെ നിർദ്ദേശ പ്രകാരം വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുന്ന ലാപ് ടോപ്പുകൾക്ക് 3 വർഷത്തെ 'Comprehensive Onside OEM Warranty Including Battery & Charger' ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. എന്നാൽ മേൽ വിവരിച്ച ലാപ് ടോപ്പുകളുടെ ബാറ്ററിക്കും ചാർജ്ജറിനും ഒരു വർഷത്തെ വാറന്റി മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. ലാപ് ടോപ്പുകൾ സ്റ്റോക്കിൽ എടുക്കാതെയാണ് വിതരണം ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 1/21.05.2022) മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-16 സെക്രട്ടറി നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികൾ – പൊതു അപാകതകൾ

കുടിവെള്ള പദ്ധതികളിൽ മോട്ടോർ മാറ്റി വയ്ക്കാനായി പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ (രൂ.) | ചെലവ് (രൂ.) | കരാറുകാരൻ | പൂർത്തീകരണ തീയതി |
|---|---|---|---|---|---|
| 1 | 129/21-വളച്ച്കെട്ടി വള്ളേ്യക്കാട് | 150000 | 104344 | ശ്രീ. ആനന്ദൻ.കെ | 21.06.19 |
| 2 | 159/21-പുതുക്കോട്ട് മീത്തൽ | 114623 | 100000 | ശ്രീ. ഷാജി. സി | 12.02.20 |
| 3 | 168/21-നമ്പ്യാത്ത് താഴം-കാരാട്ട് താഴം | 150000 | 148622 | ശ്രീ. രഘുനാഥൻ | 31.12.19 |
| 4 | 158/21-കണ്ണങ്കര മാറായി | 154130 | 152456 | ശ്രീ. ആനന്ദൻ. കെ | 24.11.19 |
| 5 | 200/21-എരേച്ചൻകാട് ഈനഞ്ചേരി | 173663 | 120167 | ശ്രീ. രഘുനാഥൻ | 31.03.21 |
| 6 | 205/21-താമരത്ത് മീത്തൽ | 150000 | 146192 | ശ്രീ. എ. പി. രാമകൃഷ്ണൻ | 31.05.20 |

മേൽ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ക്രമ നം. 1 മുതൽ 6 വരെയുള്ള, മാറ്റി വയ്ക്കപ്പെട്ട പഴയ 6 മോട്ടോറുകളെക്കുറിച്ചുള്ള വിവരം ഫയലുകളിൽ ലഭ്യമല്ല.

2. വാങ്ങിയ മോട്ടോറുകളുടെ ഗുണനിലവാരം പരിശോധിച്ച് ഇലക്ട്രിക്കൽ എഞ്ചിനീയർ സാക്ഷ്യപത്രം നല്കിയിട്ടില്ല.

3. പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഫയലുകളിൽ ലഭ്യമല്ല.

4. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 9/21.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി വെയ്ക്കൽ - അപാകതകൾ

പ്രോജക്ട് നം. 130/21 – സ്ട്രീറ്റ് ലൈറ്റുകൾക്ക് എ.എം.സി വെയ്ക്കൽ

അടങ്കൽ : 400000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 399750/- (BRN-155574/11.04.2020)

നിർവ്വഹണം : സെക്രട്ടറി

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ചെറുതും വലുതുമായ തെരുവ് വിളക്കുകൾ കേടു വന്നത് റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി എ.എം.സി ഏർപ്പെടുത്തുന്നതിനാണ് പ്രസ്തുത പ്രോജക്ട് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം. 26.11.2019 പ്രകാരം കൽപ്പത്തൂർ ഇലക്ട്രിക്കൽ & പ്ലംബിംഗ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ കരാറുകാരായി തെരെഞ്ഞെടുത്തു. ടി സൊസൈറ്റി സെക്രട്ടറിയുമായി 9/2019-20, തീയതി 26.11.2019 നം. കരാർ ചമച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ഒരു വർഷത്തേക്ക് പഞ്ചായത്തിലെ മുഴുവൻ സ്ട്രീറ്റ് ലൈറ്റുകളുടേയും റിപ്പയറും പരിപാലനവും ടി സൊസൈറ്റിയുടെ ഉത്തരവാദിത്വമാണ്.

വർക്ക് ഓർഡർ നം. എ3-6481/19, തീയതി 26.11.2019 പ്രകാരം പ്രവൃത്തി ഏൽപ്പിച്ചു കൊടുക്കുകയും, സൊസൈറ്റി റിപ്പയർ ജോലി പൂർത്തീകരിച്ച് 3,99,750/- രൂപയുടെ ഇൻവോയിസ് നം. ഇല്ല, തീയതി 11.03.2020 സമർപ്പിക്കുകയും തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്.

പദ്ധതി ഫയൽ പരിശോധിച്ചതിൽ, താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു.

1. സൊസൈറ്റി സമർപ്പിച്ച ഇൻവോയിസ് പ്രകാരം ആകെ 407 എണ്ണം 2x11w ലൈറ്റുകളും 105 എണ്ണം 36w ലൈറ്റുകളും മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ മാറ്റി വയ്ക്കപ്പെട്ട പഴയ ലൈറ്റുകളുടെ വിവരം ലഭ്യമല്ല.

2. 10.03.2020- ന് ലൈറ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കരാർ പ്രകാരം എ.എം.സി ഒരു വർഷത്തേക്കാണ്. എന്നാൽ കരാർ കാലയളവിൽ നടത്തിയ തുടർ പരിപാലന പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3. പഞ്ചായത്ത്, കെ.എസ്.ഇ.ബി യുമായി ചേർന്ന്, പഞ്ചായത്ത് പ്രദേശത്തുള്ള തെരുവ് വിളക്കുകളുടെ ഒരു സംയുക്ത പരിശോധന നടത്തുകയോ, തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല. വ്യക്തമായ സ്ഥിതിവിവര കണക്കുകൾ ലഭ്യമല്ലെന്നിരിക്കേ, ഇത്തരം ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

4. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ സൊസൈറ്റി സമർപ്പിച്ച ഇൻവോയിസ് പ്രകാരം തുക മാറി നല്കിയതല്ലാതെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രമോ മോണിട്ടറിംഗ് സമിതി റിപ്പോർട്ടോ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 10/21.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം സമർപ്പിക്കേണ്ടതാണ്.

## 1-18 'സമഗ്ര വിദ്യാഭ്യാസം' പദ്ധതിയുടെ ഭാഗമായി നടത്തിയ ഫുട്ബാൾ കോച്ചിംഗ് ക്യാമ്പ് - അപാകതകൾ

പ്രോജക്ട് നം. 212/21 – സമഗ്ര വിദ്യാഭ്യാസം

അടങ്കൽ : 1,60,000/- (തനത് ഫണ്ട്)

ചെലവ് : 1,50,242/-

നിർവ്വഹണം : ഹെഡ്മാസ്റ്റർ

പഞ്ചായത്ത് പ്രദേശത്തെ കുട്ടികളുടെ കലാപരവും, കായികവും,സാംസ്കാരികവുമായ കഴിവുകൾ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. ആയതിന്റെ ഭാഗമായി സംഘടിപ്പിച്ച ഫുട്ബാൾ കോച്ചിംഗ് ക്യാമ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച സ്പോർട്ടിംഗ് സ്പോർട്സ്, വി. എം. ആർക്കേഡ്, ചെലവൂർ എന്ന സ്ഥാപനം ഇൻവോയിസ് നം. 032/6.11.19 പ്രകാരം 7,240/- രൂപയുടേയും, ഇൻവോയിസ് നം. 033/6.11.19 പ്രകാരം 9,212/- രൂപയുടേയും (ആകെ 16,452/- രൂപ) കായിക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അവ സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. കൂടാതെ ഉപകരണങ്ങളുടെ ഗുണമേന്മ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. കോച്ചിംഗ് ക്യാമ്പിൽ പരിശീലകരായി നിയോഗിച്ച ശ്രീ. രാജ് കുമാർ, ശ്രീ. സന്തോഷ് കുമാർ എന്നിവർക്ക് 20,000/- രൂപ വീതം ഓണറേറിയം നല്കിയിട്ടുണ്ട്. ഇരുവരേയും തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം, തെരെഞ്ഞെടുപ്പ് പ്രക്രിയയുടെ മറ്റ് രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 6/21.05.2022- ന് മറുപടി സമർപ്പിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-19 ഐ.എച്ച്.ഡി.പി. കോളനിയിലെ കുഴൽക്കിണറിന് ഹാൻഡ്പൈപ്പ് സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നമ്പർ : So 199/21
ഫണ്ടിനം : എസ്. സി. പി.
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി
അടങ്കൽ : 50,000 രൂപ
ചെലവഴിച്ചത് : 45,920 രൂപ

കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ ഐ. എച്ച്. ഡി. പി. കോളനിയിൽ നിലവിലുള്ള കുഴൽക്കിണറിൽ ഹാന്റ് പമ്പ് ഘടിപ്പിക്കുന്നതിനായി പ്രോജക്റ്റ് നമ്പർ 199/21 പ്രകാരം എസ്. സി. പി. ഫണ്ടിൽ നിന്നും 45,920 രൂപ ഭൂജല വകുപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെയോ തുക വിനിയോഗിച്ചതിന്റെയോ വിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 16/20-21 തീയതി 23.5.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ഈയിനത്തിലുള്ള ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

## 1-20 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് പേര്/നമ്പർ : വളച്ചുകെട്ടി വള്ളേ്യക്കാട്ട് കുടിവെള്ള പദ്ധതി, 149/21

അടങ്കൽ : 5,00,000/- വികസനഫണ്ട് എസ്.സി.പി.

ചെലവ് : 2,02,248/- ബിൽ നം.6/20-21/25.4.20

1,75,279/- ബിൽ നം.33/20-21/28.7.20

മേൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ പ്രവൃത്തികളുടെ ഭാഗമായി നിർമ്മിച്ച ഡ്രൈയിനേജിന്റെ നിർമ്മാണത്തിനായി മണ്ണ് കുഴിക്കുന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം DAR ലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ താഴെ വീതിയുള്ള ഫൗണ്ടേഷൻ/ ട്രഞ്ചസിനായി മണ്ണെടുക്കുന്നതിനുള്ള ഇനമാണിതമെന്ന് കാണാം. എന്നാൽ

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റം, അളവു പുസ്തകവും പരിശോധിച്ചാൽ രണ്ട് മീറ്ററോളം വീതിയിലാണ് പ്രവൃത്തി നടത്തിയതെന്ന് മനസ്സിലാകുന്നു. ഈയിനത്തിന് യഥാർത്ഥത്തിൽ DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തിയാൽ മതിയായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക തുക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം 2.8.1 പ്രകാരം നൽകിയ തുക (കോസ്റ്റ് ഇൻഡക്സ് 31.06%) | ഇനം 2.6.1 പ്രകാരം വേണ്ടി വരുന്ന തുക | അധിക ചെലവ് |
|---|---|---|
| 9.3 X 1.98 X 0.95=17.49<br>7.55 X 1.98 X 0.95=14.2<br>31.69m3<br>Limited To 29.7 X 218.08 =6476.97 | 29.7 X 165.07 = 4902.5 | 1,574.5 |

മേൽ പ്രകാരം പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തുക വഴി പഞ്ചായത്ത് ഫണ്ടിന് അധിക ചെലവു വന്ന 1,574.5 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-21 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2019-20 വർഷത്തിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ കരാറുകാരൻ | കരാർ നം./തിയ്യതി | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @3% |
|---|---|---|---|---|---|
| ളമ്പറ്റ നടപ്പാത, 189/21 | 1,18,000/- രത്നാകരൻ | 64/19-20 /17.3.20 | 3 മാസം | 23.11.20 | 3,540/- |
| മന്നിങ്ങാളിപൊയിൽ നടപ്പാത, 188/21 | 1,23,000/- രത്നാകരൻ | 63/19-20 /17.3.20 | 3 മാസം | 23.11.20 | 3,690/- |

മേൽ രണ്ടു പ്രവൃത്തികൾക്കും 2020 മാർച്ച് മാസം കരാർ ചമച്ചെങ്കിലും 2020 ഒക്ടോബർ 30 -ന മാത്രമാണ് പ്രവൃത്തി ആരംഭിക്കുന്നത്. മുൻവർഷത്തിൽ നിന്ന് സ്പിൽഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയത് എന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC

തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ഈ പദ്ധതിയുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം പരമാവധി ഒന്നര മാസം വരെ നീട്ടി നൽകാവുന്നതായിരുന്നു. എന്നാൽ ഈ കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി. ഡബ്യു. ഡി. മാനുവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരനിൽ നിന്നും 7,230/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. ഈ രണ്ടു പദ്ധതികളും വികസന ഫണ്ട് എസ്. സി. പി. വിനിയോഗിച്ചാണ് ചെയ്തിട്ടുള്ളത്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, സാമൂഹ്യ ഭൂപടവും ഫയലിൽ ലഭ്യമല്ല. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, കാലതാമസത്തിന് പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-22 ഉയർന്ന നിരക്കിലുള്ള ഇനം തെരെഞ്ഞെടുക്കുന്നതിനാൽ അധിക ചെലവ്

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ വിവിധ റോഡ് പ്രവൃത്തികളിൽ കൾവർട്ട്/ഡ്രൈൻ നിർമ്മാണങ്ങളിലെ മണ്ണ് പ്രവൃത്തിയ്ക്കായി ഉയർന്ന നിരക്ക് വരുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതായി കാണുന്നു. പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | പൊട്ടുമുറി കളോളിപൊയിൽ റോഡ്, 35/21 | പുതുശ്ശേരിത്താഴം പൊരാട്ട്കുന്ന് റോഡ്, 24/21 |
|---|---|---|
| ചെയ്ത അളവ് /നൽകിയ തുക | 11.84 X @487.51 =5772.12 | കൾവെർട്ട്-11.09 X @487.51 =5406.49<br>സൈഡ് ഡ്രൈൻ- 25.99 X @487.51= 12670.38 |

മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്കായി ഉൾപ്പെടുത്തിയത് Mord ലെ ഐറ്റം നമ്പർ 11.1.1.1 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ “Construction Of Shoring And Bracing, Removal Of Stumps And Other Deleterious Material....back Filling In Trenches With Excavated Suitable Material” എന്നീ പ്രവൃത്തികളെല്ലാം ഉൾപ്പെടുന്ന ഐറ്റമാണിതെന്ന് കാണാം. സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് ഈ ഐറ്റം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. സാധാരണ മണ്ണ് പ്രവൃത്തിയ്ക്ക് DAR ലെ ഐറ്റം 2.6.1 (ഓപ്പൺ ഏരിയ), 2.8.1 (ഫൗണ്ടേഷൻ/ട്രഞ്ചസ്) എന്നിവ ഉൾപ്പെടുത്തിയിരുന്നെങ്കിൽ നിലവിലെ നിരക്കിലാണെങ്കിൽ പോലും യഥാക്രമം 206.88/-, 287/- രൂപ നിരക്കേ വേണ്ടി വരുമായിരുന്നുള്ളൂ. പ്രൈസിൽ ലഭ്യമായ ഐറ്റം 3.8.1 പ്രകാരം 'ഓർഡിനറി റോക്കി' ൽ മാനുവൽ ആയുള്ള എസ്കവേഷനു പോലും ഒരു ഘന. മീറ്ററിന് 445.47/- രൂപ നിരക്കേ വരുന്നുള്ളൂ എന്നയിടത്താണ് മേൽ ഐറ്റം പ്രകാരം 487.51/ - രൂപ നിരക്ക് ഉൾപ്പെടുത്തി ചെലവു നടത്തിയത്.

തൻവർഷം നിർവ്വഹണം നടത്തിയ മറ്റൊരു പ്രവൃത്തിയിൽ (ചെറാത്ത്താഴം വെങ്കാട്ട്ചാലിൽ തോട്ടത്തിൽതാഴം റോഡ്, 152/21) സൈഡ് കെട്ടിന് മണ്ണെടുക്കുന്ന പ്രവൃത്തിയ്ക്ക് ഉൾപ്പെടുത്തിയത് താരതമേന്യ വളരെ നിരക്ക് കുറവു വരുന്ന ഹൈഡ്രോളിക് എസ്കവേറ്റർ ഉപയോഗപ്പെടുത്തിയുള്ള മണ്ണെടുക്കൽ ഇനം 3.5.3 ആണ്. ഈയിനത്തിന് ഒരു ഘന. മീറ്ററിന് കേവലം 30.94 രൂപ മാത്രമേയുള്ളൂവെന്നത് ശ്രദ്ധേയമാണ്. മേൽ വിവരിച്ച പ്രവൃത്തികൾക്കും യഥാർത്ഥത്തിൽ ഈയിനം ഉപയോഗപ്പെടുത്താവുന്നതായി രുന്നു. ഈയിനം ഉൾപ്പെടുത്തിയിരുന്നെങ്കിൽ ആവശ്യമാകുമായിരുന്ന ചെലവ് വെറും 1,513.59/- രൂപയാണ്.

| പ്രവൃത്തി | വേണ്ടി വരുമായിരുന്ന തുക |
|---|---|
| പൊട്ടമുറി കളോളിപൊയിൽ റോഡ് | 11.84 X 30.94 = 366.33 |
| പുതുശ്ശേരിത്താഴം പൊരാട്ട്കുന്ന് റോഡ് | 37.08 X 30.94 = 1147.26 |
| ആകെ | 1513.59 |

മുകളിൽ വിവരിച്ച പ്രവൃത്തികൾക്ക് ഉയർന്ന നിരക്കിലുള്ള ഇനം ഉൾപ്പെടുത്തിയതു മൂലം 22,335/- രൂപയുടെ അധിക ചെലവ് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ട്. 5772.12+5406.49+12670.38 = 23848.99-1513.59 = 22335.40 മേൽ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. നിരക്ക് കൂടുതലുള്ള ഇനം ഉൾപ്പെടുത്തി പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാക്കിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

### 1-23 പ്രവൃത്തി പൂർത്തീകരണ ശേഷം പദ്ധതി ഭേദഗതി ചെയ്തു വിഭവസ്രോതസ്സിൽ മാറ്റം വരുത്തി ചെലവു നടത്തി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് പേര്/നമ്പർ : പുതിയേടത്ത് കച്ചേരിക്കുന്ന് റോഡ്, 148/21

2019-20 വർഷത്തിൽ ഈ പദ്ധതി രൂപീകരിച്ചപ്പോൾ വിഭവ സ്രോതസ്സായി ഉൾപ്പെടുത്തിയിരുന്നത് 4,40,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റാണ്. പദ്ധതിയ്ക്കുള്ള സാങ്കേതികാനുമതി 29.9.2019 -ന് ലഭിച്ചു. ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചു. അളവുപുസ്തക പ്രകാരം 21.12.2019 ന് പ്രവൃത്തി പൂർത്തീകരിക്കുകയും, 24.12.19 -ന് ചെക്ക് മെഷർ ചെയ്തിട്ടുമുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് രണ്ട് മാസത്തിനു ശേഷം പദ്ധതി ഭേദഗതി ചെയ്യുകയും (വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയത് 6.3.20 നാണ്) വിഭവ സ്രോതസ്സ് 3,55,200/- രൂപ, ധനകാര്യകമ്മീഷൻ ഗ്രാന്റും, 40,000/- രൂപ സംരക്ഷണ ഗ്രാന്റ് റോഡുമാക്കി. സംരക്ഷണ ഗ്രാന്റിൽ നിന്നും 35,520/- രൂപ അതേ വർഷത്തിൽ ചെലവഴിക്കുകയും ചെയ്തു. ബാക്കി തുക 2020-21 വർഷത്തിൽ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകി.

പ്രവൃത്തി പൂർത്തീകരിച്ച ശേഷം പദ്ധതി ഭേദഗതി ചെയ്യാനും, ഫണ്ടിനത്തിൽ മാറ്റം വരുത്തി ചെലവു നടത്തിയതും സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. പുതിയ റോഡിന്റെ നിർമ്മിതിയ്ക്ക് സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്നും വ്യക്തമല്ല. പദ്ധതി രൂപീകരിച്ച സമയത്ത് ഈ പ്രോജക്റ്റിനായി കണ്ടെത്തിയ വിഭവ സ്രോതസ്സ് പിന്നീട് മാറ്റാനുണ്ടായ സാഹചര്യവും, സംരക്ഷണഗ്രാന്റ് പുതിയ റോഡിന്റെ നിർമ്മിതിയ്ക്ക് വിനിയോഗിച്ചതും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

### 1-24 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അശ്രദ്ധ - പ്രവൃത്തി അപൂർണ്ണമായി നിർവ്വഹിച്ചു

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്റ്റ് പേര്/നമ്പർ : പറമ്പിൽ ബസാർ ബസ് സ്റ്റാന്റ് ടോയ് ലെറ്റ് നവീകരണം,

240/21

അടങ്കൽ : 4,12,000/- കേന്ദ്രാവിഷ്കൃതഫണ്ട്

ചെലവ് : 4,10,243/- വൗച്ചർ നം. 22001346/31.3.21

ബസ് സ്റ്റാന്റിലെ ടോയ് ലെറ്റിനടുത്തുള്ള പൊട്ടിപൊളിഞ്ഞ കരിങ്കൽ കെട്ട് പൊളിച്ച് മാറ്റി കോൺക്രീറ്റ് റീട്ടെയിനിംഗ് വാൾ നിർമ്മിക്കുന്നതിനും ഈ കരിങ്കല്ല് ഉപയോഗിച്ച് കെട്ടിടത്തിനു മുന്നിലായി ഉയരത്തിൽ കെട്ടി മണ്ണ് ഫിൽ ചെയ്ത് ഇന്റർലോക്ക് ചെയ്യുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. 7,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്ന പദ്ധതിയായിരുന്നു ഇതെങ്കിലും 4,11,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ ഈ തുകയ്ക്ക് സാങ്കേതികാനുമതി ലഭ്യമായി. പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാരനെ ഏൽപ്പിച്ചെങ്കിലും, എസ്റ്റിമേറ്റ് പുതുക്കിയാണ് പ്രവൃത്തി നിർവ്വഹിച്ചത്.

എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള കാരണം രേഖപ്പെടുത്തിയത് "ക്ലറിക്കൽ പിശക് മൂലം ബെയിലിംഗ് ഓഫ് വാട്ടർ, പി.സി.സി. 1:4:8 എന്നിവ വിട്ടു പോയെന്നും ഇതുൾപ്പെടുത്താനായി എസ്റ്റിമേറ്റ് പുതുക്കുന്നു" വെന്നുമാണ്. എന്നാൽ പുതുക്കി എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ മേൽ രണ്ടിനങ്ങൾക്കു പുറമേ മറ്റു രണ്ടിനങ്ങളിൽ മാറ്റമുണ്ടായതായി കാണുന്നു. "ഡിമോളിഷിംഗ് സ്റ്റോൺ മേസൻറി" യെന്നത് "ഡിസ്മാന്റലിംഗ് ഡി.ആർ" എന്നും, "ഫില്ലിംഗ് വിത്ത് എസ്കവേറ്റഡ് എർത്ത് " എന്നത് "ഫില്ലിംഗ് വിത്ത് കോൺട്രാക്ടേഴ്സ് ഓൺ എർത്ത് " എന്നും മാറ്റിയിരിക്കുന്നു. കൂടാതെ സോലിഡ് ബ്ലോക്ക് മേസൻറി, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ഇന്റർലോക്കിംഗ് എന്നീ ഇനങ്ങൾ ഒഴിവാക്കുകയും/ പ്രവൃത്തി നടത്താതിരിക്കുകയും ചെയ്തു.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ വന്ന പിഴവാണ് പ്രവൃത്തി അപൂർണ്ണമായി നിർവ്വഹിക്കുന്നതിന് കാരണമായത്. ചെയ്യാതെ ഒഴിവാക്കിയ പ്രവൃത്തികൾ പിന്നീട് മറ്റേതെങ്കിലും പ്രോജക്ടിലൂടെ നടപ്പാക്കിയോയെന്ന് വ്യക്തമല്ല. 7,00,000/- രൂപ ഭരണാനുമതിയുണ്ടായിരുന്ന ഈ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ശ്രദ്ധയോടെ തയ്യാറാക്കിയിരുന്നെങ്കിൽ ഓഡിറ്റ് വർഷത്തിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കാമായിരുന്നു. മേൽ അപാകതയ്ക്ക് ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതും, അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എസ്റ്റിമേറ്റിൽ തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് പേര്/നമ്പർ : വളച്ചുകെട്ടി വള്ളേ്യക്കാട്ട് കുടിവെള്ള പദ്ധതി, 149/21

അടങ്കൽ : 5,00,000/-വികസനഫണ്ട് എസ്. സി. പി.

ചെലവ് : 2,02,248/-ബിൽ നം. 6/20-21/25.4.20

1,75,279/-ബിൽ നം. 33/20-21/28.7.20

മേൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ പ്രവൃത്തികളുടെ ഭാഗമായി നിർമ്മിച്ച

ഡ്രൈയിനേജിന്റെ നിർമ്മാണത്തിനായി മണ്ണ് കുഴിക്കുന്ന പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം DAR ലെ ഐറ്റം 2.8.1 ആണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ ഒന്നര മീറ്ററിൽ താഴെ വീതിയുള്ള ഫൗണ്ടേഷൻ/ ട്രഞ്ചസിനായി മണ്ണെടുക്കുന്നതിനുള്ള ഇനമാണിതമെന്ന് കാണാം. എന്നാൽ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും, അളവു പുസ്തകവും പരിശോധിച്ചാൽ രണ്ട് മീറ്ററോളം വീതിയിലാണ് പ്രവൃത്തി നടത്തിയതെന്ന് മനസ്സിലാകുന്നു. ഈയിനത്തിന് യഥാർത്ഥത്തിൽ DAR ലെ ഐറ്റം 2.6.1 ഉൾപ്പെടുത്തിയാൽ മതിയായിരുന്നെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മണ്ണ് പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം 2.8.1 പ്രകാരം നൽകിയ തുക(കോസ്റ്റ് ഇൻഡക്സ് 31.06%) | ഇനം 2.6.1 പ്രകാരം വേണ്ടി വരുന്ന തുക | അധിക ചെലവ് |
|---|---|---|
| 9.3 X 1.98 X 0.95=17.49<br>7.55 X 1.98 X 0.95=14.2<br>31.69m3<br>Limited To 29.7 X 218.08 =6476.97 | 29.7 X 165.07 = 4902.5 | 1,574.5 |

മേൽ പ്രകാരം പ്രവൃത്തിയ്ക്കായി തെറ്റായ ഇനം ഉൾപ്പെടുത്തുക വഴി പഞ്ചായത്ത് ഫണ്ടിന് അധിക ചെലവു വന്ന 1,574.5 രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

2019-20 വർഷത്തിൽ വിഭാവനം ചെയ്ത താഴെ ചേർക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടും ബിൽ തുക നൽകിയപ്പോൾ പിഴ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ കരാറുകാരൻ | കരാർ നം./തിയ്യതി | പ്രവൃത്തി പൂർത്തീകരണ കാലാവധി | പ്രവൃത്തി പൂർത്തീകരണ തിയ്യതി | ഈടാക്കേണ്ട പിഴ @ 3% |
|---|---|---|---|---|---|
| ുമ്പറ്റ നടപ്പാത, 189/21 | 1,18,000/- രത്നാകരൻ | 64/19-20 /17.3.20 | 3 മാസം | 23.11.20 | 3,540/- |
| മന്നിങ്ങാളിപൊയിൽ നടപ്പാത, 188/21 | 1,23,000/- രത്നാകരൻ | 63/19-20 /17.3.20 | 3 മാസം | 23.11.20 | 3,690/- |

മേൽ രണ്ടു പ്രവൃത്തികൾക്കും 2020 മാർച്ച് മാസം കരാർ ചമച്ചെങ്കിലും 2020 ഒക്ടോബർ 30 -നു മാത്രമാണ് പ്രവൃത്തി ആരംഭിക്കുന്നത്. മുൻവർഷത്തിൽ നിന്ന് സ്പിൽ ഓവർ പ്രവൃത്തികളായി ഉൾപ്പെട്ടവ (ഭേദഗതിയില്ലാത്തവ) അടുത്ത വർഷാരംഭം മുതൽ തന്നെ പ്രവൃത്തി ആരംഭിക്കാമെന്നിരിക്കെ കാലതാമസം വരുത്തിയതെന്തു കൊണ്ടാണെന്ന് വ്യക്തമല്ല.

1.2.2012 തീയതിയിലെ ജി.ഒ(പി)13/2012/പി.ഡബ്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ

നൽകേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിച്ചിട്ടില്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ഈ പദ്ധതിയുടെ പ്രവൃത്തി കാലാവധി ഇതു പ്രകാരം പരമാവധി ഒന്നര മാസം വരെ നീട്ടി നൽകാവുന്നതായിരുന്നു. എന്നാൽ ഈ കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി ആരംഭിക്കുന്നത്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്യൂ.ഡി. മാനുവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3 % ശതമാനം കണക്കാക്കിയാൽ പോലും കരാറുകാരനിൽ നിന്നും 7,230/- രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു.

സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണത്തിലെ കാലതാമസം സംബന്ധിച്ച് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയോ, നിർവ്വഹണോദ്യോഗസ്ഥനോ ശ്രദ്ധിക്കുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്തിട്ടില്ല. ഈ രണ്ടു പദ്ധതികളും വികസനഫണ്ട് എസ്.സി.പി. വിനിയോഗിച്ചാണ് ചെയ്തിട്ടുള്ളത്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റും, സാമൂഹ്യ ഭൂപടവും ഫയലിൽ ലഭ്യമല്ല. ഇവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, കാലതാമസത്തിന് പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിനോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.

### 4-3 സംയുക്ത പ്രൊജക്ടുകുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 45000 | നെൽകൃഷി കൂലി ചെലവ് | 45000 | 0 |
| | | 560000 | ലൈഫ് ഭവന പദ്ധതി എസ്.സി | 560000 | 0 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 950000 | നമ്പോലത്ത് സാമൂഹ്യ ജലസേചന പദ്ധതി | 950000 | 0 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 54000 | നെൽകൃഷി കൂലി ചെലവ് | 54000 | 0 |
| | | 1780000 | ലൈഫ് ഭവന പദ്ധതി ജനറൽ | 1780000 | 0 |
| | | 350000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 | 0 |
| | | 200000 | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2020-21 | 1540000 | ലൈഫ് ഭവന പദ്ധതി എസ്.സി | 1540000 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 7500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 7500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 7500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രിയുടെ ഷെയർ | ലഭ്യമല്ല | ലഭ്യമല്ല | 2500 | |

| | | | | | |
|---|---|---|---|---|---|
| | നം.2987 | | | | |
| 2. | കരിപ്പൂർ വിമാനത്താവളം പലിശ രഹിത നിക്ഷേപം | ലഭ്യമല്ല | ലഭ്യമല്ല | 5000 | |
| ആകെ | | | | 7500 | |

## 4-6 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി വായ്പാതിരിച്ചടവ് | ജി. ഒ പ്രോജക്ട് | 479790 | 479790 | ഇല്ല |
| ഹഡ്കോ വായ്പാതിരിച്ചടവ് - ലൈഫ് എസ്.സി & ജനറൽ | ജി. ഒ പ്രോജക്ട് | 10020221 | 739392 | 9280829 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 30 (A) | 2003-04 (പൊതു പരാമർശം) | 11.13.21 | നികുതി പിരിവിൽ അലംഭാവം | |
| 1999-2000 | | 2003-04 | 11.14 | മണൽ ലേലം ക്രമക്കേട് | |
| 2000-01 | | 2004-05 (പൊതു പരാമർശം) | 11.13.10 | നികുതി പിരിവിൽ അലംഭാവം | |
| 2001-02 | | 2004-05 | 11.13.50 | നികുതി | |

| | | | | | |
|---|---|---|---|---|---|
| | | | | പിരിവിൽ അലംഭാവം | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | 3.79.5.12 | വാട്ടർ ചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതു പരാമർശം) | 3.79.6.12 | മണൽവിൽപ്പന | |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-5 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി അപാകതകൾ | |
| 2019-20 | 1-20 | 2020-21 | അനുബന്ധം-2-20 | MO ഹോമിയോ Payment | |
| 2019-20 | 1-22 | 2020-21 | അനുബന്ധം-2-28 | MO ആയുർവ്വേദം Payment | |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയതിന്റെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 84258470 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78256413 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8805/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45920/- |

(ബി). പഞ്ചായത്ത്ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
| 1-19 | -- | 1,575/- | ശ്രീമതി. ഷീജ. സി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-21 | -- | 7,230/- | ശ്രീമതി. ഷീജ. സി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 45,920/- | ശ്രീമതി. സോണിയ. പി, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഷീജ. സി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.ഐ.ഡി ആന്റ് ഇ. ഡബ്ല്യു വിംഗ് | നൂപുരം, അരിയാട്ട്, തലക്കുളത്തൂർ, കോഴിക്കോട് |
| ശ്രീമതി. സോണിയ. പി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കുരുവട്ടൂർ ഗ്രാമപഞ്ചായത്ത് | ഇ.ഡബ്ല്യ.എസ്-169, എ.കെ.വി.കെ റോഡ്, കോവൂർ, ചേവായൂർ |

| | | |
|---|---|---|
| | | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 | എൽ.എഫ്.കെ.കെ.ഡി/പി3/ 2079/13/22.4.14 | 19 (1) (3) |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി3/ 2078/13/22.4.14 | 40, 54 |
| 1999-2000 | എൽ.എഫ്.കെ.കെ.ഡി/പി3/ 82/14/22.4.14 | 27(1), 27(2), 29, 30(എ), 31, 35,36, 38, 39, 40, 41, 42,43 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(12) തീയതി 07.06.2011 | 7 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(13) തീയതി 07.06.2011 | 3-2, 3-5 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(14) തീയതി 07.06.2011 | 3-2, 3-3, 3-7, 4-6(ബി) |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി3/ 1533/09(15) തീയതി 07.06.2011 | 2-3, 3-2, 3-4,3-7, 3-8, 3-9, 3-10, 3-11 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി3/ 1271/2011 തീയതി 05.07.2012 | 2-1, 2-2(2), 2-3, 2-5, 2-6(1), 2-8(1), 2-9, 3-1, 3-2, 3-3, 3-4, 3-7, 3-8, 3-10, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20, 3-21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി3/660/ 2012 തീയതി 22.06.2012 | 1-1, 1-6, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-11, 4-3, 4-6, 4-7 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി3/ 1660/2012 തീയതി 05.07.2012 | 2-2, 2-3, 2-4, 2-5, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-23, 4-3, 4-6,4-7 |
| 2010-11, 2011-12 | എൽ.എഫ്.കെ.കെ.ഡി/പി3/ 54/14 തീയതി 02.05.2014 | 1-5, 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13,3-14, 3-15 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1458/15/9.10.15 | 1-1, 1-2, 1-3, 1-6, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 4-1 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1163/16/28.7.17 | 2-1-1, 2-1-2, 2-1-3, 2-1-4, 2-1-5,2-1-6, 2-3-1,2-3-2, 2-4,2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,3-11, 3-12, 4-9 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1942/17/3.1.18 | 2-1, 2-2, 2-3,2-4,2-5, 2-6,2-7, 2-8, 3-1, 3-2, 3-3,3-4-1, 3-4-2, 3-6, 3-7,3-8, 3-9, 3-10, 3-11, 3-12,3-13, 3-14,3-15, 3-16, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1749/2018 തീയതി 06.10.2018 | 2-1-1,2-1-2, 2-1-3, 2-1-4, 2-1-6, 2-2, 2-3, 2-5, |

| | | |
|---|---|---|
| | | 2-6, 2-7, 2-8, 3-2, 3-4, 3-6, 3-7, 3-8, 3-10, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1473/2019 തീയതി 23.06.2020 | 1-12,2-2,2-3,2-4,3-1, 3-4, 3-5, 3-6, 3-8, 3-10,3-11,3-13,3-14,3-15, 3-16,3-18,3-19, 3-23,3-25 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി3/ 781/2020 തീയതി 11.09.2020 | 1-5 മുതൽ 1-28 വരെ |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി3/ 798/2020 തീയതി 20.03.2021 | 1-1 മുതൽ 1-34 വരെ |

Paste

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്